## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **2978** | **13/03/2018** ൽ മറുപടിക്ക്

## തെരുവു നായ്ക്കളുടെ എണ്ണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ഡി.കെ. മുരളി** | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| **എ)** തെരുവു നായ്ക്കളുടെ എണ്ണം കുറയ്ക്കുന്നതിനായി എന്തൊക്കെ പരിപാടികളാണ് കഴിഞ്ഞ ഒരു വർഷം സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്; | **എ)** സംസ്ഥാനത്ത് തെരുവുനായ വ്യാപനം തടയുന്നതിനായി നടപ്പിലാക്കിവരുന്ന എ.ബി.സി. പ്രോഗ്രാം ജില്ലാ പഞ്ചായത്തിന്റെയും, മൃഗസംരക്ഷണ വകുപ്പിന്റെയും നേതൃത്വത്തിൽ എല്ലാ ജില്ലകളിലും നടപ്പാക്കി വരുന്നു. ഇതോടൊപ്പം തന്നെ പേവിഷ നിയന്ത്രണ വാക്സിനേഷൻ എല്ലാ വളർത്ത് നായകൾക്കും നൽകി വരുന്നു. ഈ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും എ.ബി.സി. റൂൾസിലെ ചട്ടം (4) പ്രകാരം മോണിറ്ററിംഗ് സമിതി രൂപീകരിക്കുന്നതിനുള്ള കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. റോഡുകളുടെ വശങ്ങളിലും പൊതു സ്ഥലങ്ങളിലും മാലിന്യം നിക്ഷേപിക്കുന്നത് തടയാൻ നടിപടി സ്വീകരിച്ചിട്ടുണ്ട്. |
| **ബി)** ടി പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകാമോ; | **ബി)** ഉണ്ട്. തദ്ദേശ സ്ഥാപനങ്ങൾ രൂപീകരിച്ചിട്ടുള്ള മോണിറ്ററിങ് സമിതികളിലും തദ്ദേശ സ്ഥാപനസെക്രട്ടറിമാരുടെ പ്രതിമാസ യോഗങ്ങളിലും എ.ബി.സി. പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നുണ്ട്. |
| **സി)** തെരുവു നായ്ക്കളുടെ ആക്രമണത്തിൽ 2016, 2017 വർഷങ്ങളിൽ എത്ര മരണങ്ങൾ സംഭവിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ; | **സി)** 2016 ൽ 6 ഉം 2017 ൽ 8 ഉം മരണങ്ങൾ സംഭവിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഡി) | തെരുവുനായ്ക്കളുടെ കടിയേൽക്കുന്നവർക്ക് ചികിത്സാ സഹായം ലഭിക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകാമോ? | ഡി) | തെരുവു നായ്ക്കളുടെ കടിയേൽക്കുന്നവർക്ക് ചികിത്സാ സഹായത്തിനായി തദ്ദേശ സ്ഥാപനങ്ങളിൽ നിലവിൽ പദ്ധതികളൊന്നു-മില്ല. എന്നാൽ എല്ലാ സർക്കാർ ആശുപത്രികളിലും ആന്റി റാബി വാക്സിൻ സൗജന്യമായി നല്കുന്നുണ്ട്. കൂടാതെ തെരുവുനായ ആക്രമണത്തിൽ പരിക്ക് പറ്റുന്നവർക്ക് നഷ്ടപരിഹാരം നിജപ്പെടുത്തുന്ന തിനായി സുപ്രീം കോടതി നിയോഗിച്ചിട്ടുള്ള ജസ്റ്റിസ് (റിട്ട) സിരിജഗൻ കമ്മിറ്റിയുടെ ശുപാർശയനുസരിച്ച് അർഹരായവർക്ക് നഷ്ടപരിഹാരം നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ